# എഴുത്തച്ഛനും കാലവും (1938)

## മലയാളത്തിലെ പ്രഥമ സാഹിത്യഗവേഷണ മാതൃക

**ടി.എം. സോമലാൽ**
ഗവേഷകൻ, മലയാളവിഭാഗം, സംസ്കൃതസർവ്വകലാശാല, കാലടി.

### പശ്ചാത്തലം

ശ്രീ ചേലനാട്ട് അച്യുതമേനോൻ എഴുത്തച്ഛനും കാലവും (Ezhuthachan and his age) എന്ന പ്രബന്ധം തയ്യാറാക്കി ലണ്ടൻ സർവകലാശാലയിൽനിന്നു ഡോക്ടർ ബിരുദം നേടുമ്പോൾ (1938) ഔപചാരിക മലയാളസാഹിത്യഗവേഷണത്തിന് ചരിത്രമുണ്ടായിരുന്നില്ല. സ്വയമേവ ഒരു ചരിത്രം സൃഷ്ടിക്കുകയായിരുന്നു ഈ പ്രബന്ധം. സാഹിത്യഗവേഷണത്തിന് ആഗോളമായിപ്പോലും വേണ്ടത്ര മാതൃകകൾ ലഭ്യമല്ലാതിരുന്ന ആ ഘട്ടത്തിന്റെ സംഘർഷത്തിനകത്തു നിന്നുകൊണ്ട് സ്വയമേവ ഒരു മാതൃകരൂപപ്പെടുത്തുക എന്നത് തീർത്തും ലളിതമല്ല. ഒരുപക്ഷേ ഇതിനൊരു ഗുണകരമായ വശമുള്ളത് മുൻമാതൃകകളുടെ അനുകരണഛായകൾ ഒഴിവാക്കാമെന്നതാണ്. ഇതിരിക്കിലും, പൊതുവിൽ വൈജ്ഞാനികതയുടെ അപരസ്ഥാനത്ത് നിർവ്വചിക്കപ്പെടാറുള്ള സാഹിത്യത്തെ സംബന്ധിച്ചാണ് സമീപനം രൂപപ്പെടുത്തേണ്ടത് എന്നുള്ളതുകൊണ്ട് സാഹിതീയതയോട് വൈജ്ഞാനികമായി എങ്ങനെ സംവദിക്കാം എന്ന പ്രശ്നം പ്രധാനമായിരുന്നു എന്നുകാണാം. മലയാളത്തിലെ ഈ ആദ്യ സാഹിത്യ ഗവേഷണം നേരിട്ട മുഖ്യവെല്ലുവിളിയും അതാകാം.

### എഴുത്തച്ഛനും കാലവും

ഔപചാരിക മലയാളഗവേഷണത്തിന്റെ ചരിത്രത്തിൽ ആദ്യത്തെ സാഹിത്യഗവേഷണം ഏതാണ്? അങ്ങനെയൊരു ചോദ്യം തന്നെ ഉയർന്നു കണ്ടിട്ടില്ല. ആദ്യ മലയാളഗവേഷണമായ മലയാളത്തിലെ ഇന്തോ-ആര്യൻ വായ്പാപദങ്ങൾ (കെ. ഗോദവർമ്മ, 1933)

സാഹിത്യഗവേഷണമല്ല; ഭാഷാഗവേഷണമാണ്. അതുകൊണ്ട് മലയാളത്തെ സംബന്ധിച്ചുണ്ടായ രണ്ടാമത്തെ ഗവേഷണമാണ്(എഴുത്തച്ഛനും കാലവും, 1938). മലയാളത്തിലെ ആദ്യ ഔപചാരിക സാഹിത്യഗവേഷണം. രണ്ടു പ്രബന്ധങ്ങൾക്കും പ്രത്യക്ഷത്തിൽ രണ്ടു സമാനതകളുണ്ട്. രണ്ടും ഇംഗ്ലീഷ് ഭാഷയിലാണ് തയ്യാറാക്കപ്പെട്ടത്; ലണ്ടൻ സർവ്വകലാശാലയിലാണ് സമർപ്പിക്കപ്പെട്ടത്. മലയാളത്തിൽ തയ്യാറാക്കപ്പെട്ട ആദ്യപ്രബന്ധം കുഞ്ചൻനമ്പ്യാരും അദ്ദേഹത്തിന്റെ കൃതികളും ആണ്.[1]

എഴുത്തച്ഛനും കാലവും അഞ്ച് അധ്യായങ്ങളിലാണ് തയ്യാറാക്കപ്പെട്ടിരിക്കുന്നത്. ആദ്യാധ്യായത്തിൽ ഭാഷോല്പത്തി ചിന്തയും എഴുത്തച്ഛൻ വരെയുള്ള സാഹിത്യചരിത്രവുമാണ്. (എഴുത്തച്ഛനു മുമ്പുള്ള മലയാളസാഹിത്യം ഒരു വിഗ്രഹവീക്ഷണം) എഴുത്തച്ഛന്റെ ജീവചരിത്രമാണ് അടുത്തത്. മൂന്നാമധ്യായത്തിൽ അദ്ധ്യാത്മരാമായണവും അടുത്ത അധ്യായങ്ങളിൽ മഹാഭാരതം, ഇതരകൃതികൾ എന്നിവയും ചർച്ചാവിഷയമാകുന്നു.

1. ഭാഷാപിതാവിനെ ചരിത്രവത്കരിക്കുക.

നമുക്കാരാണ് എഴുത്തച്ഛൻ? ഉത്തരം ഇന്നും തർക്ക വിധേയമാണ്. തർക്കം നടക്കട്ടെ, പക്ഷേ, സാഹിത്യപഠിതാക്കൾ കൃതികൾ ചർച്ചചെയ്ത് എഴുത്തച്ഛന്റെ അലൗകിക സിംഹാസനത്തെ ഉറപ്പിക്കുക എന്നത് കരണീയമല്ല. പി. കെ. നാരായണപിള്ളയുടെ പണ്ഡിതോചിതമായ പ്രമുഖപഠനത്തിൽപോലും 'ഭക്തി പാരതന്ത്ര്യം, ഉയർന്നു വരുന്ന ശങ്കകളെ നിയന്ത്രണം ചെയ്യുന്നു'![2] അച്യുതമേനോന്റെ പ്രബന്ധത്തിന്റെ വഴി ഇതിൽനിന്നും തീർത്തും വ്യത്യസ്തമാണ്. എഴുത്തച്ഛനെയും എഴുത്തച്ഛൻ കൃതികളെയും കാലത്തിൽ പ്രതിഷ്ഠിച്ചുകൊണ്ടുള്ള വായനയാണിത്. ഭാഷാപിതാവിന്റെ ചരിത്രവത്കരണം മാത്രമല്ലിവിടെ. മലയാള സാഹിത്യഭാവുകത്വത്തിന്റെ മുഴുവൻ സ്രഷ്ടാക്കളായി ഏതാനും പ്രതിഭകളെമാത്രം അവരോധിക്കുന്ന സാമ്പ്രദായിക സാഹിത്യചരിത്ര രചനാരീതിയോടുള്ള വിമർശനംകൂടി ഉള്ളടങ്ങുന്നു. പ്രാചീനരായ മുഖ്യ സാഹിത്യനായകരെക്കുറിച്ചുതന്നെ വേണ്ടത്ര തെളിവും വെളിവുമില്ലാത്ത സന്ദർഭത്തിൽ സാമാന്യേന അപ്രധാനരായ സമകാലികരെക്കുറിച്ചും കാവ്യഭാവുകത്വത്തെക്കുറിച്ചും പറയുന്നതെങ്ങനെ എന്ന ചോദ്യമുണ്ട് മറുപക്ഷത്തിനിവിടെ. ഇതുശരിയാണ്. ഇതിനു സമാധാനവുമുണ്ട്. ചില സാഹിത്യകൃതികളിലൂടെ മാത്രം മലയാള ഭാഷാ സാഹിത്യചരിത്രത്തെ കാണുമ്പോഴാണ് മലയാള സാഹിത്യത്തിന്റെ സ്രഷ്ടാക്കൾ അവയുടെ

കർത്താക്കളായിത്തീരുന്നത്. അച്യുതമേനോന്റെ പരിഗണന ഈ മുഖ്യധാരാസാഹിത്യകൃതികൾ മാത്രമല്ല. എന്നുമല്ല, കൂടുതൽ ശ്രദ്ധ, താരതമ്യേന അവഗണിക്കപ്പെട്ടു കിടക്കുന്ന നാടൻപാട്ടുകളിലും അനുഷ്ഠാന കലാ-സാഹിത്യരൂപങ്ങളിലുമാണ്. ഈയർത്ഥത്തിൽ പ്രാചീനകവികളുടെ സമകാലികരെക്കുറിച്ചും ഭാവുകത്വപരിണാമത്തെക്കുറിച്ചും നമുക്ക് തെളിവുകളുണ്ട്. സൃഷ്ടിയുണ്ട്, പക്ഷേ സ്രഷ്ടാവിനെക്കുറിച്ച് വ്യക്തതയില്ല. അങ്ങനെയുള്ള സന്ദർഭത്തിൽ അറിയപ്പെട്ട ഒരുകൂട്ടം പേരിലേക്ക് ഇതിന്റെയെല്ലാം പിതൃത്വം ആരോപിക്കുകയാണോ അതോ 'അപ്രധാനരെയും' ഭാവുകത്വസന്ദർഭത്തെയും കുറിച്ച് കരുതൽ സൂക്ഷിക്കുകയാണോ? അച്യുതമേനോന്റെ വഴി രണ്ടാമത്തേതാണ്.

"ജീവിതത്തിന്റെ ഏതുരംഗത്തും ചില മഹാത്മാക്കളുടെ പ്രകാശം കൊണ്ട് തന്നാണ്ടുകാരോ മുന്നാണ്ടുകാരോ ആയ തേജപുഞ്ജങ്ങൾ മങ്ങിപ്പോകാറുണ്ട്. വലിയവരുടെ ബഹളത്തിനിടെ അവരെ ആരും തിരിഞ്ഞു നോക്കുകയില്ല. ചിലപ്പോൾ അവർക്ക് കിട്ടേണ്ടത് ആ പെരിയവർക്ക് കിട്ടിയെന്നും വരാറുണ്ട്. ഈ നിലയ്ക്ക് എഴുത്തച്ഛന്റെ തിളച്ചുപൊന്തുന്ന വ്യക്തിമഹാത്മ്യം ഉദയം ചെയ്യുന്നതിനു മുമ്പ് മലയാളത്തിൽ പറയാനോ അറിയാനോ ഒന്നുമില്ലെന്നു കരുതുന്ന മലയാളികൾ ഇന്നുമുണ്ടെന്നത് വലിയൊരത്ഭുതമല്ല. അവർ അദ്ദേഹത്തെ എഴുത്തിന്റെ അച്ഛനായാണ് കരുതിയത്. പക്ഷേ, ചരിത്രപരമായ അന്വേഷണവും ഗവേഷണവും സത്യത്തിനു നേരെ കണ്ണടയ്ക്കുരുതല്ലോ"(പേജ് 1)

ഗവേഷണത്തിന്റെ പ്രധാനമായൊരു രീതിശാസ്ത്ര ബോധ്യം ഇവിടെ പ്രവർത്തിക്കുന്നുണ്ടെന്നു കാണാം. അഭാവങ്ങളുടെ അടയാളപ്പെടുത്തലും പ്രശ്നവത്കരണവുമാണത്.

ഭാഷാപിതൃത്വസങ്കല്പത്തോടുള്ള ഗൗരവകരമായ ആദ്യവിമർശനം തന്നെയാണ് ഈ പ്രബന്ധം. എല്ലാ ജ്ഞാനരൂപങ്ങൾക്കും ആദിയായി ഓരോ പിതൃസ്വരൂപം സങ്കല്പിച്ച് സ്ഥാപിച്ചെടുക്കുന്ന ആധുനിക യൂറോപ്യൻ (പുരുഷാധികാര) യുക്തിയോട് അതിന്റെ സാംസ്കാരിക കേന്ദ്രസ്ഥാപനങ്ങളിലൊന്നിൽ തന്നെ (ലണ്ടൻ സർവ്വകലാശാല) നിലനിന്നുകൊണ്ട് വിയോജിപ്പ് രേഖപ്പെടുത്തുന്നു, പ്രബന്ധം. ഭാഷാപിതാവിനു മുമ്പുതന്നെ മികച്ച ഭാഷയുണ്ടായിരുന്നു എന്ന്, ഏതാണ്ട് അപ്പോൾ തന്നെ ഉയർന്നുകഴിഞ്ഞിരുന്ന വാദഗതിയെ, കൂടുതൽ ബലം നല്കി ഉറപ്പിക്കാനാണ് അച്യുതമേനോൻ ശ്രമിച്ചത്. പ്രബന്ധം പറയുന്നു:

"മലയാളസാഹിത്യത്തിൽ എഴുത്തച്ഛന്റെ മഹത്വം കുടികൊള്ളുന്നത് മലബാറിന്റെ ജനകീയവും ക്ലാസിക്കലുമായ പാരമ്പര്യങ്ങൾ

അദ്ദേഹത്തിന്റെ കവിതയിൽ ഒത്തുചേരുന്നുവെന്ന വസ്തുതയിലാണ്. അതാകട്ടെ, പില്ക്കാലത്ത് ഒട്ടനവധി വികാസപരിണാമങ്ങൾക്ക് വഴിതെളിച്ച സാഹിത്യ നേട്ടവുമാണ്'' (പേജ് XIII) ചരിത്രവത്കരണം എഴുത്തച്ഛനെ ഇല്ലാതാക്കാനുള്ള യാന്ത്രിക പ്രക്രിയയല്ല ഇവിടെ. ചരിത്രലയനത്തിനുശേഷവും എഴുത്തച്ഛന്റെ സാഹിത്യനേട്ടങ്ങൾ ഉയർന്നുതന്നെ നില്ക്കുന്നു. എന്നാൽ അദ്ദേഹത്തിനു ചുറ്റുമുണ്ടെന്നു കല്പിക്കുന്ന പ്രഭാവലയം ഇല്ലാതാകുന്നു.

എഴുത്തച്ഛനുപകരം ചെറുശ്ശേരിയിലേക്ക് പിതൃബിംബമാരോപിച്ചുകൊണ്ടുള്ള ലളിത പ്രശ്നപരിഹാരയുക്തിയും അച്യുതമേനോനു സ്വീകാര്യമല്ല.

''ചെറുശ്ശേരി അക്കാലത്തെ ഒറ്റമരത്തിൽ കുരങ്ങാണെന്നു കണക്കാക്കുന്നത് തെറ്റാണ്. കോലത്തിരി രാജാവിന്റെ കീഴിൽ സാഹിത്യ സദസ്സുണ്ടായിരുന്നില്ലെങ്കിലും ചെറുശ്ശേരിയെപ്പോലുള്ള മഹാകവികൾ എമ്പാടും പ്രകാശം ചിതറാതിരിക്കുകയില്ല. ഭാരതഗാഥ ചെറുശ്ശേരിയുടെ ഒരു അനുകർത്താവിന്റെ കൃതിയാണ്. ഇനിയും പ്രധാന കൃതികൾ ഉണ്ടായിട്ടുണ്ടാവാം. കോലത്തിരിനാട്ടിലെയും കടത്തനാട്ടിലെയും ഗ്രന്ഥശാലകളിൽ അങ്ങനെ എത്ര ഗ്രന്ഥങ്ങൾ ഇരുന്നു ദ്രവിക്കുന്നുണ്ടെന്നാരറിഞ്ഞു!' (പേജ് 41) ഇവിടെ, രക്ഷാകർതൃത്വമില്ലാതെ തമസ്കരിക്കപ്പെട്ട ഇതര പാരമ്പര്യങ്ങളും ചെറുശ്ശേരിയുടെ സമകാലികരുമാണ് സൂചന.

2. വാല്മീകീരാമായണം പ്രാഥമികമായി ഒരു സാഹിത്യകൃതി

അദ്ധ്യാത്മ രാമായണം ചർച്ചചെയ്യുന്ന 3-ാമധ്യായത്തിൽ വാല്മീകീ രാമായണവും വിശദചർച്ചയ്ക്കു വിധേയമാകുന്നു. ഈ ചർച്ചാവേളയിൽ പ്രബന്ധം നൽകുന്ന ഒരു ഉപശീർഷകമാണ് 'വാല്മീകീരാമായണം പ്രാഥമികമായി ഒരു സാഹിത്യകൃതി' എന്നത്. ആധുനികഘട്ടം മുതലാണല്ലോ സാഹിത്യമെന്ന ഗണം വ്യതിരിക്തമായി മനസ്സിലാക്കാൻ തുടങ്ങിയത്. അതുവരെയുള്ള സാഹിതീയാവിഷ്കാരങ്ങളെല്ലാം മതത്തിന്റെയും വിശ്വാസത്തിന്റെയും ഭാഗമായാണ് കണ്ടുവന്നത്. ഇതിനർത്ഥം ആധുനികതയ്ക്കു മുമ്പ് സാഹിത്യമുണ്ടായിരുന്നില്ല എന്നല്ല, അത് ഇന്നത്തെ അർത്ഥത്തിൽ സാഹിത്യമായി തിരിച്ചറിയപ്പെട്ടില്ല എന്നു മാത്രമാണ്. ക്ലാസിക്കൽ മതപാരമ്പര്യങ്ങളിൽ മാത്രമല്ല നാടോടിജീവിതാവിഷ്കാരങ്ങളിലും മതത്തിന്റെയോ വിശ്വാസത്തിന്റെയോ അനുഷ്ഠാനത്തിന്റെയൊ ഭാഗമായിട്ടാണ് സമഗ്ര ആവിഷ്കാരങ്ങളും ക്രമപ്പെട്ടത്.

1. മത/ജാതി ബാഹ്യരോടുള്ള അപരത്വം
2. ആത്മീയതയുടെ ഭാഗമെന്ന നിലയിൽ കൈവരുന്ന അലംഘനീയത
3. നിഗൂഢത
4. അലൗകികത
5. അവിതർക്കിതത്വം

എന്നിവ മതാവിഷ്കാരങ്ങളുടെ മുഖമുദ്രയായിരുന്നു. ആധുനികഘട്ടത്തിൽ ഫ്യൂഡൽ മതസമൂഹത്തിൽനിന്ന് ആധുനിക മതേതര ജനാധിപത്യ ക്രമത്തിലേക്കുള്ള പരിണാമം മതാവിഷ്കാരങ്ങളെ ആധുനികാവിഷ്കാരങ്ങളാക്കി മാറ്റി. മതം ആത്മീയതയുടെ തലത്തിൽ ഒതുക്കപ്പെട്ടു. രാഷ്ട്രീയം, സംസ്കാരം, സാഹിത്യം, കല, തൊഴിൽ അങ്ങനെ സകലതും മതേതരമായി ജനവിഭാഗങ്ങളെ അഭിസംബോധന ചെയ്യുന്നവയും ജനാധിപത്യമൂല്യങ്ങളുൾക്കൊള്ളുന്നവയുമായി പുനഃസ്ഥാപിക്കപ്പെട്ടു ആധുനിക വിദ്യാഭ്യാസസമ്പ്രദായം ഈ അടിസ്ഥാനത്തിലാണ് ക്രമീകരിക്കപ്പെട്ടത്. മറ്റുവിഷയങ്ങളെപ്പോലെ അതുവരെ മതത്തിന്റെ ഭാഗമായിരുന്ന സാഹിത്യകലാദികൾ എല്ലാ സമുദായിക-സാമൂഹിക മേഖലയിലുള്ളവർക്കും പഠനവിഷയമായി. സാഹിത്യത്തിന്റെ മതച്ഛായയ്ക്ക് പിന്നീട് ജനാധിപത്യസ്ഥാപനങ്ങളിലൂടെ പ്രത്യക്ഷ ആവിഷ്കരണം സാധ്യമായില്ലെങ്കിലും ഗുപ്തമായി അത് തുടർന്നുപോന്നു. ഇപ്പോഴും അത് തുടർന്നുപോരുന്നുമുണ്ട്. രാമായണം, ഭാരതം തുടങ്ങിയവ സാഹിത്യപഠിതാവിനെ സംബന്ധിച്ച് മതസാഹിത്യമാണോ ജനാധിപത്യസാഹിത്യമാണോ? എഴുത്തച്ഛൻ എഴുത്താചാര്യനാണോ അതോ മതാചാര്യനോ? ഇത്തരം ചർച്ചകളുടെ പ്രസക്തിയിലാണ് അച്യുതമേനോന്റെ പ്രബന്ധത്തിന്റെ മേൽപറഞ്ഞ ഉപശീർഷകം നിലനില്ക്കുന്നത്. പ്രബന്ധം പറയുന്നു:

"ഒരു മഹാകാവ്യത്തിലെ നായകൻ എന്ന നിലയിലല്ല ഒരീശ്വരൻ എന്ന നിലയിലാണ് രാമനെ ഭാരതത്തിലൊട്ടാകെ ആരാധിച്ചു വരുന്നത്. ഈശ്വരൻമാർ വിമർശനത്തിനും അഭിപ്രായപ്രകടനത്തിനും അപ്രാപ്യരാണ്. അങ്ങനെ ചെയ്താൽ ചെയ്യുന്നവൻ അവിശ്വാസിയുമാണ്. പക്ഷേ, അവർ കഥാപാത്രങ്ങളാവുകയാണെങ്കിൽ കലാവിമർശകൻ മറ്റുകഥാപാത്രങ്ങളെപ്പോലെ അവരെയും കണ്ടാൽ മതി. ഹൈന്ദവമതവും സാഹിത്യവും വളരെ കുഴഞ്ഞുമറിഞ്ഞാണ് കിടക്കുന്നത്. ഒന്നിനെ വിമർശിക്കുമ്പോൾ അത് മറ്റേതിനും ബാധകമാകുന്നു. പുരാണ കഥാപാത്രങ്ങളെ കവിയുടെ ആവിഷ്കരണത്തെ അവഗണിച്ച് ഉയർത്തുകയാണെങ്കിൽ വിമർശനകലയുടെ വിലയാണ് ഇടിയുന്നത്. എന്തുകൊണ്ടെന്നാൽ കൃതിയുടെ ആസ്വാദനത്തിന് സഹായകമാകുന്നതിനു പകരം തടസ്സമാവുകയാണ് അതുണ്ടാകുന്നത്" (പേജ് 70)

എട്ടുപതിറ്റാണ്ടുകൾ മുമ്പുള്ള ഈ അഭിപ്രായപ്രകടനത്തിന്റെ ശക്തിയും മൂല്യവും അവതാരികയിൽ ഡോ. എൻ.വി.പി. ഉണിത്തിരി വിലയിരുത്തുന്നുണ്ട്.[3] സാഹിത്യമെന്ന ആധുനിക ജനസ്സിനെ സ്ഥാപിക്കുക എന്നതും എഴുത്തച്ഛനെ ചരിത്രവത്കരിക്കുക എന്നതും പ്രബന്ധത്തിന്റെ മുഖ്യതാത്പര്യങ്ങളായിത്തീരുന്നുണ്ട്.

3. പുതിയ ഭാഷാചരിത്രവാദം

എഴുത്തച്ഛനും മുമ്പേതന്നെ നിലവാരപ്പെട്ട സാഹിത്യഭാഷയും വ്യവഹാരഭാഷയും ഉണ്ടായിരുന്നു എന്നത് പ്രബന്ധത്തിന്റെ കണ്ടെത്തലല്ല. എന്നാൽ ഇത് തെളിവുകൾ നല്കി ബലിഷ്ഠമായൊരു വാദമായി വികസിപ്പിക്കുന്നതിൽ ഈ പ്രബന്ധം ശ്രദ്ധേയമായ പങ്കുവഹിക്കുന്നു. ഭാഷാചരിത്രനിർമ്മാണത്തിലേക്കായി ശ്രദ്ധേയമായ ചില ഫോക്‌ലോർ ഉപാദാനങ്ങളിലേക്ക് പ്രബന്ധം ശ്രദ്ധക്ഷണിക്കുന്നു. ദാരുകവധം തോറ്റംപാട്ട് ഇതിൽ പ്രധാനമാണ്. "ഇതു പാട്ടുകളിൽ പ്രധാനപ്പെട്ട ഒന്നാണ്. ഇതിനും രാമചരിതത്തോളം പഴക്കം കല്പിക്കാം. ഒരുപക്ഷേ, കുറേക്കൂടി പഴക്കമുണ്ടാകാം. തമിഴിന്റെ പൊടിപോലും ഇതിലില്ല. മലയാളത്തിലെ ഏറ്റവും പഴക്കമുള്ള സാഹിത്യകൃതിയാണ് ഇതെന്നു പറയാം." (പേജ് 14) രാമചരിതത്തെ മുൻനിർത്തിയുള്ള ഭാഷാചരിത്രസംവാദങ്ങളുടെ ബദലും വിമർശനവുമാണ് ഈ നിരീക്ഷണം എന്നു കാണാവുന്നതാണ്. പതിമൂന്നു വർഷങ്ങൾക്കുശേഷം ഡോ.കെ. എം. ജോർജ്ജ് 'രാമചരിതവും പ്രാചീനമലയാള പഠനവും' എന്ന തന്റെ ഗവേഷണപ്രബന്ധത്തിലൂടെ (1951) രാമചരിതത്തിന്റെ ഭാഷ കൃത്രിമ ഭാഷയാണെന്നും അതു കാലഘട്ടത്തിന്റെ ഭാഷാവികാസത്തെ ശരിയായി പ്രതിഫലിപ്പിക്കുന്നില്ല എന്നും തെളിയിക്കുകയുണ്ടായി. അച്യുതമേനോന്റെ വാദങ്ങൾ ഈ ചർച്ചയിൽ അദ്ദേഹം ഉപയോഗപ്പെടുത്തുന്നുണ്ട്.[4]

ആറ്റൂർ കൃഷ്ണപ്പിഷാരടി, ആർ. നാരായണപ്പണിക്കർ എന്നിവരുടെ നിഗമനങ്ങളോട് പിൻപറ്റി അച്യുതമേനോൻ ദ്രാവിഡത്തിന്റെ സ്വതന്ത്രശാഖ എന്നനിലയിലാണ് മലയാളത്തെ പരിഗണിക്കുന്നത്.

"മലയാളം ദ്രാവിഡഗോത്രത്തിൽപ്പെട്ട ഭാഷയാണെങ്കിലും സ്വതന്ത്രമായി വളർന്നുവന്നിട്ടുള്ളതും ഇടക്കാലത്ത് തമിഴിന്റെ ഒഴുക്കിനും മറ്റൊരു കാലത്ത് സംസ്കൃതത്തിന്റെ ഒഴുക്കിനും കീഴടങ്ങിപ്പോയിട്ടുണ്ട് എന്നേ കരുതേണ്ടൂ. എണ്ണമറ്റ നാടോടിപ്പാട്ടുകൾ ഇതിനു സാക്ഷികളാണ്. അവയിൽ വളരെക്കുറച്ചേ ശേഖരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. അവയിലൊന്നും

തന്നെ സംസ്കൃതത്തിന്റേയോ തമിഴിന്റേയോ കയ്യേറ്റം കാണുന്നില്ല. സാഹിത്യഭാഷ പലതരത്തിലുള്ള മാറ്റങ്ങൾക്കു വിധേയമാകാം. അത്ര എളുപ്പത്തിൽ മാറുന്നതല്ല സംസാരഭാഷ. വടക്കൻപാട്ടുകളിൽ കാണുന്നത് സംസാരഭാഷയാണ്. നാടോടിപ്പാട്ടുകളും സാഹിത്യത്തിന്റെ ആദിമദശയിലുള്ള വീരഗാഥകളും ഭാഷാപരമായ സ്വഭാവങ്ങളെയും ചായ്വുകളെയും നിർണയിക്കുന്നതിൽ മറ്റെന്തിനെക്കാളും വിശ്വാസ്യമായ തെളിവുകളാണ്. വീരഗാനങ്ങൾക്കും തോറ്റംപാട്ടുകൾക്കും പണ്ഡിതർ അവ അർഹിക്കുന്ന സ്ഥാനം നല്കാൻ ഇതുവരെ ശ്രദ്ധിച്ചു കാണുന്നില്ല.

നാൽ വേലിയെന്നടുപ്പുകീറി
പൊയ്ക്കിടാരമെന്ന വെള്ളിക്കിടാരമേറ്റി
മാനിയലും ചോലയിന്നു നീർകോരി
കൊണ്ടുവന്നു - കഞ്ഞിവെച്ചുവാങ്ങി
ഏഴുവട്ടം കോരി ..... ഉപജീവിക്കുത്തുടങ്ങി ... ഇത് ദാരുകവധത്തിലെ ഒരു ഭാഗമാണ്. ഇത്തരത്തിലുള്ള 'പച്ചമലയാളത്തി'ലാണ് ആദി മലയാണ്മയുടെ ശരിയായ രൂപം കാണുന്നത്'' (പേജ് 10-11).

ഫോക്‌ലോറിന്റേതായ ഈ മേഖല ഇനിയും വേണ്ടത്ര ശ്രദ്ധപതിയാതെതന്നെ കിടക്കുന്നു. സംസ്കാരപഠനം, കേരളപഠനം, ഫോക്‌ലോറിന്റെ സവിശേഷപഠനം എന്നിവയ്ക്ക് സാഹചര്യമൊരുക്കി സമഗ്രജീവിതത്തിലും കേരളീയ സ്വത്വത്തിന്റെ ചരിത്രവും പരിണാമവും കണ്ടെടുക്കാനുള്ള വൈജ്ഞാനികയത്നങ്ങൾ ഇന്ന് വർദ്ധമാനമായിട്ടുണ്ട്. അച്യുതമേനോൻ ഏറെ മുമ്പുതന്നെ ഈ വഴി ചൂണ്ടിക്കാണിച്ചിരുന്നു. അനുയായികൾ വേണ്ടത്ര ഉണ്ടായില്ല എന്നു മാത്രം.

ഫോക്‌ലോറിനെ ഗൗരവതരമായ പഠനമേഖലയായി അക്കാദമിക ലോകം കണ്ടുതുടങ്ങിയിട്ട് തുച്ഛമായ കാലമേ ആയിട്ടുള്ളൂ. അതിനുമുമ്പ് ഫോക്‌ലോറിന് പാരമ്പര്യ സംരക്ഷണത്തിന്റെ ഗൃഹാതുരമൂല്യം (Museum Value) മാത്രമേ നല്കപ്പെട്ടിരുന്നുള്ളൂ. ഈ ചരിത്രഘട്ടത്തിൽ അച്യുതമേനോൻ ഔപചാരിക ഗവേഷണത്തിൽ തന്നെ ഫോക്‌ലോറിനെ സ്ഥാനപ്പെടുത്തുന്നു. ഈ ഫോക്‌ലോർ ആഭിമുഖ്യം പ്രബന്ധത്തിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. ഉത്തരമലബാറിലെ കഥാഗാനങ്ങൾ (പേഴ്സി മക്വീൻ)[5] ആമുഖപഠനത്തോടെ പ്രസിദ്ധീകരിക്കുന്നതിലും കേരളത്തിലെ കാളീസേവ[6] എന്ന പഠനഗ്രന്ഥത്തിലൂടെ ഫോക്‌ലോർ കലാ-സാംസ്കാരികതയെ മനസ്സിലാക്കുന്നതിനും അദ്ദേഹം ശ്രമിക്കുകയുണ്ടായി. മദ്രാസ് സർവകലാശാലയിൽ മലയാള ഗവേഷണവിഭാഗം

തലവനായി അച്യുതമേനോൻ അവരോധിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ മാർഗദർശിത്വത്തിൽ ആദ്യമായൊരു പ്രബന്ധം സമർപ്പിക്കപ്പെട്ടതും ഫോക്‌ലോറിൽ ആണ്. കേരളത്തിലെ നാടോടി നാടകങ്ങൾ (ഡോ. എസ്.കെ. നായർ - 1951)

4. സാഹിത്യ വിശകലന മാതൃക

സാഹിത്യസമീപനത്തിൽ പ്രബന്ധം രൂപീകരിക്കുന്ന രീതിശാസ്ത്രത്തിന്റെ സ്വഭാവം എന്തെന്ന് പരിശോധിക്കാം.

a. ഭാഷേതര വിശകലന രീതി:

തെള്ളായിരത്തി മുപ്പതുകളിൽ പ്രാരംഭഘട്ടം മുതൽ മലയാള ഗവേഷണ മേഖലയിൽ സജീവമായത് ഭാഷാനിഷ്ഠ വിശകലനരീതിയാണ്. ആദ്യ മലയാളഗവേഷണ പ്രബന്ധം (ഇന്തോ-ആര്യൻ വായ്പാപദങ്ങൾ) ഈ രീതിയാണ് അവലംബിച്ചത്. പക്ഷേ അതിനുള്ള ന്യായീകരണം ഈ പ്രബന്ധത്തിന്റെ വിഷയം ഭാഷയായിരുന്നു എന്നതാണ്. എന്നാൽ തുടർന്നുള്ളപ്രബന്ധങ്ങളിൽ സാഹിത്യകൃതികളുടെ വിശകലനത്തിനും ഭാഷാനിഷ്ഠരീതിയാണ് ഉപയോഗിക്കപ്പെട്ടത്. ഭാഷാപഠനത്തിന് ഉപാദാനമായി സാഹിത്യം എന്ന രീതി. ഇതുപ്രകാരം ഒരു സാഹിത്യകൃതിയിലെ സാഹിത്യമല്ല ഭാഷയാണ് അന്വേഷണവിഷയം. സാഹിത്യത്തോട് ഈ രീതിശാസ്ത്രത്തിന് സംവേദനം സാധ്യമായിരുന്നില്ല. അച്യുതമേനോന്റെ പ്രബന്ധവും അദ്ദേഹം പ്രവർത്തിച്ച മദിരാശി സർവ്വകലാശാലയിൽ രൂപപ്പെട്ട ചില പ്രബന്ധങ്ങളും ഒഴിച്ചാൽ എഴുപതുകൾ വരെയുള്ള മലയാളഗവേഷണത്തിൽ എല്ലാം ഭാഷാനിഷ്ഠമാതൃകകളായിരുന്നു.[7]

അച്യുതമേനോൻ പൊതുവിൽ ചരിത്രത്തെയും സാഹിത്യകൃതിയുടെ ആന്തരികയുക്തികളെയും അവലംബമാക്കികൊണ്ടാണ് വിശകലനരീതിശാസ്ത്രം രൂപീകരിക്കുന്നത്. ഇതിന്റെ ചില സവിശേഷതകൾ നോക്കാം:

b. യാന്ത്രിക വസ്തുനിഷ്ഠയുടെ നിഷേധം

ചരിത്ര വിശകലനം നിർവഹിക്കുമ്പോൾ സാഹിത്യത്തെ ചരിത്രവസ്തുതകൾ സ്ഥാപിക്കാൻ വേണ്ട ഉപദാനമേഖലയായി കാണാം. അങ്ങനെ വന്നാൽ മേൽസൂചിപ്പിച്ച ഭാഷാനിഷ്ഠരീതിയുടെ സാമൂഹ്യശാസ്ത്രപരമായ പകർപ്പ് മാത്രമായി വിശകലനമാതൃക മാറും. അവിടെയും സാഹിത്യത്തോട് കേവലവും യാന്ത്രികവുമായ യുക്തിയാണ്

പ്രയോഗിക്കുന്നത് എന്നു പറയേണ്ടി വരും. അച്യുതമേനോന്റെ രീതി ഇതല്ല. ഒരുദാഹരണം പരിഗണിക്കാം. എഴുത്തച്ഛനെ സംബന്ധിക്കു ന്ന ഐതിഹ്യങ്ങളെ പ്രബന്ധം കൈകാര്യം ചെയ്യുന്ന രീതിയാണിത്. യാന്ത്രിക ചരിത്രവാദത്തിന്റെ കാഴ്ചപ്പാടിൽ ഐതിഹ്യങ്ങൾ അസം ഗതങ്ങളാണ്. ഇനി അലൗകികവാദികളുടെ കാഴ്ചപ്പാടിലാണെങ്കിൽ അലൗകികത്വവും അനശ്വരത്വവും സ്ഥാപിച്ചെടുക്കാനും വർണ്ണിക്കാനു മുള്ള അളവില്ലാത്ത സ്രോതസ്സും. അച്യുതമേനോൻ ഈ രണ്ടു രീതികളും സ്വീകരിക്കുന്നില്ല.

"എഴുത്തച്ഛനെപ്പറ്റിയുള്ള ഐതിഹ്യങ്ങളെല്ലാം കൂട്ടിയോജിപ്പിക്കുക പ്രയാസമാണ്. അവ അന്യോന്യം വിരുദ്ധമാണ്. പക്ഷേ അവ കേട്ടാൽ ഒരു കാര്യം തോന്നാതിരിക്കുകയില്ല. സമകാലിക ജീവിതത്തെ സ്വാധീ നിച്ച സങ്കീർണ്ണ വ്യക്തിത്വം—അവ എത്രതന്നെ യുക്തിരഹിതമായാലും അവയ്ക്കു പിന്നിലുണ്ട്"(പേജ് 46) ഇവിടെ, അച്യുതമേനോൻ ഐതി ഹ്യത്തിൽനിന്നും ചരിത്രം വായിക്കുന്ന രീതി വ്യക്തമാണ്. ഐതി ഹ്യത്തിന്റെ ഉള്ളടക്കയുക്തിയല്ല അദ്ദേഹത്തിന്റെ വിഷയം. മറിച്ച്, സന്ദർഭമാണ്. എന്തുകൊണ്ട് ഐതിഹ്യം? അതാണ് പ്രബന്ധം ഉന്ന യിക്കുന്ന ചോദ്യം. ഇന്നത്തെ ഫോക്‌ലോർ വിശകലനങ്ങളുടെ പ്രധാ നമായൊരു രീതിയും ഇതുതന്നെ.

C. സാഹിത്യാവിഷ്കാരത്തിന്റെ സാഹിതീയയുക്തി

കലയിൽ നിന്ന്, സാഹിത്യത്തിൽ നിന്ന്, ഭാഷയും ചരിത്രവും വേർ തിരിച്ചെടുക്കുന്നവർ കലയ്ക്ക്/സാഹിത്യത്തിന് അതിന്റെ രൂപീകരണ ത്തിൽ സ്വന്തമായ ഒരു യുക്തി പ്രവർത്തിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കാ റില്ല. ഭാഷാനിഷ്ഠമോ സാമൂഹ്യനിഷ്ഠമോ ആയ ഒരു സിദ്ധാന്തത്തിന്റെ സ്ഥാപനം സാഹിത്യകൃതിയെ ആസ്പദമാക്കി നിർവഹിച്ച് പിൻവാങ്ങുക യാണ് പൊതുരീതി. ഒരു തരത്തിലുള്ള വൈജ്ഞാനികയുക്തിയുമില്ലാതെ അനുഭൂതി പറയുന്നത് അക്ഷരങ്ങളാക്കി മാറ്റുന്ന ലാവണ്യവാദ നിരൂപണം മറ്റൊരു ഭാഗത്തും. ഒരുപക്ഷം കലയുടെ, സാഹിത്യത്തി ന്റെ പരിശോധന സൗന്ദര്യാത്മകമാണെന്നു പറയുന്നു. അനുഭൂതിനി ഷ്ഠമായ വർണ്ണനകളിൽ അവരുടെ വിശകലനം അവസാനിക്കുന്നു. ഇതിന്റെ മറുപക്ഷമാകട്ടെ ചരിത്ര സാമൂഹ്യ പ്രതിഭാസങ്ങളുടെ നേർ പകർപ്പാണ് സാഹിത്യകൃതി എന്നു ധരിക്കുന്നു. സാഹിത്യവിശകലന ത്തിൽ ആർക്കാണ് ആധമർണ്യം എന്ന തർക്കം ഈ ഇരുപക്ഷക്കാരും തുടരുന്നുണ്ട്.

ഇതിൽ അച്യുതമേനോന്റെ പ്രബന്ധം സ്വീകരിക്കുന്ന മാതൃകാപരമായ ഒരു സ്ഥാനമുണ്ട്. സാമൂഹ്യനിഷ്ഠതയെയും അനുഭൂതിനിഷ്ഠതയെയും ഒഴിവാക്കാതെ തന്നെ സാഹിത്യപാഠത്തിന്റെ നിർമ്മിതിയിൽ അതിന്റെതന്നെ ചില യുക്തികളെ കണ്ടെടുക്കുക എന്നതാണത്. സാഹിത്യത്തെ ബാഹ്യയുക്തികൾകൊണ്ട് വിശദീകരിച്ചവസാനിപ്പിക്കാതെ പാഠത്തിനു സ്വയമേവ യുക്തി കണ്ടെത്തുകയും പാഠബാഹ്യവ്യവഹാരങ്ങളോട് അതിനുള്ള ബന്ധം നിലനിർത്തുകയും ചെയ്യുക എന്ന ഇന്നത്തെ രീതിയോട് സാമ്യമുണ്ടിതിന്. പ്രബന്ധത്തിലെ രാമായണ വിശകലനത്തിലെ ഒരു പ്രധാനഭാഗം ഇതിനൊരു മാതൃകയായി സ്വീകരിക്കാവുന്നതാണ്.

'കൈകേയിയുടെ കൗശലം' എന്ന ഉപശീർഷകത്തിൻ കീഴിൽ രാമന്റെ വനവാസകഥയുടെ വിവിധ അർത്ഥസാധ്യതകളാണ് പ്രബന്ധം അന്വേഷിക്കുന്നത് (പേജ് 86-89) രാമന്റെ പ്രവൃത്തിയുടെ യുക്തിയും നീതിയുമാണ് വിഷയം. കൈകേയിയുടെ വെറുമൊരു കൗശലത്തിന് തലകുനിച്ചുകൊടുക്കാൻ രാമൻ നില്ക്കേണ്ടിയിരുന്നോ എന്ന ചോദ്യമാണ് ഇവിടെ അന്വേഷണത്തിന്റെ ആരംഭബിന്ദു. പ്രജകൾ രാമനെ രാജാവാക്കാൻ അത്യധികമായി ആഗ്രഹിച്ചിരുന്നു. കൈകേയീമതത്തിന് ഒരിക്കലും വഴങ്ങാൻ ഇടയില്ലാത്ത ഭരതനെ സംഭവസ്ഥലത്തുനിന്ന് ഒഴിവാക്കിയിരിക്കുന്നു. അച്ഛനായ ദശരഥൻ രാമനോടു പറയുന്നത് ഉറച്ചു പ്രവർത്തിക്കാൻ മാത്രമാണ്. പക്ഷേ, രാമൻ ഈ സാധ്യകളൊന്നും പരിഗണിക്കുന്നില്ല. എല്ലാറ്റിൽനിന്നും പിൻവാങ്ങി വനവാസം തെരഞ്ഞെടുക്കുന്നു. പ്രജകൾ എന്നിട്ടും പിൻമാറാത്ത അവസ്ഥയിൽ അവരുറങ്ങുമ്പോൾ കബളിപ്പിച്ചാണ് രാമൻ പോകുന്നത്.

എന്താണ് ഈ വനവാസ താല്പര്യത്തിന്റെ ഹേതു? ദൈവമെന്ന നിലയിൽ രാമന്റെ ജന്മോദ്ദേശ്യം രാവണ നിഗ്രഹമാണ്. അതു നിർവഹിക്കാനാണ് കാട്ടിലേക്കു പോയത് എന്നാണെങ്കിൽ സർവവ്യാപിയായ ഈശ്വരന് കാടും നാടുമുണ്ടോ എന്ന മറുചോദ്യമുണ്ട്. ഇത്തരം ചർച്ചകൾ ഉപസംഹരിച്ചുകൊണ്ട് രാമന്റെ വനവാസത്തിന് മാനുഷികതയുടെയും സാഹിതീയതയുടെയും പാഠം രചിക്കുകയാണ് പ്രബന്ധം. ധീരത്വത്തിന്റെ സന്തതസഹചാരിയാണ് സാഹസികത്വവും ശൃംഗാരവും അതിന് ഏറ്റവും മികച്ച പശ്ചാത്തലമാണ് വനവാസം. ഒരു സാഹസസുന്ദരമായ ജീവിതമാണ് രാമൻ നയിക്കുന്നത്. വാല്മീകിക്ക് തന്റെ കാവ്യത്തിലൂടെ ശാശ്വതികത്വം നല്കാനാവുന്ന മികച്ച കാൻവാസായിരുന്നു അത്.

"ദൈവികശക്തികളൊന്നുമില്ലാതെതന്നെ സാഹസികതനിറഞ്ഞ പൂർണ്ണമനുഷ്യനായി രാമനെക്കാണാനൊരു പ്രയാസവുമില്ല.. ധീരസ്വ ഭാവത്തിന്റെ സന്തതസഹചാരിയാണ് സാഹസികതയോടും ശൃംഗാ രത്തോടുമുള്ള അഭിനിവേശം. മനുഷ്യനെന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ ദൗർബല്യം, ചിറ്റമ്മയുടെ കൗശലം സ്വേച്ഛയെ സംതൃപ്തിപ്പെടുത്തത്തക്ക വണ്ണം ഉപകരിക്കാൻ സന്ദർഭത്തെ അദ്ദേഹം വളച്ചുതിരിച്ചുവെന്നതാണ്. അപ്പോൾ അദ്ദേഹം മറ്റുകർത്തവ്യങ്ങളൊന്നും ചിന്തിച്ചില്ല. ആ തെറ്റിന്റെ പരിഹാരത്തിനപ്പുറമെത്തുന്നുണ്ട് അദ്ദേഹത്തിന്റെ ആ സാഹസസുന്ദ രജീവിതം. ആ തെറ്റാകട്ടെ, ഈശ്വരത്വത്തിന്റെ പേരിൽ സാധൂകരി ക്കുകയും വാല്മീകി തന്റെ മഹാകാവ്യത്തിൽ അതിനു ശാശ്വതികത്വം നല്കുകയും ചെയ്തപ്പോൾ ഹൈന്ദവ ഹൃദയത്തിൽ രാമൻ ഒരാദർശരൂപ മായി , ആരാധ്യബിംബവുമായി"(പേജ് 88-89)

അലൗകികനായി അവരോധിക്കപ്പെടുന്ന രാമനെ വീര-ശൃംഗാരാദി രസപുഷ്കലതയോടുകൂടിയ ഒരു ധീരനായ മനുഷ്യന്റെ സാഹിത്യ സ്വരൂപമായാണ് അച്യുതമേനോൻ കല്പിക്കുന്നത്. കഥാപാത്രം–സ്രഷ്ടാവ്–കാലഘട്ടത്തിന്റെ ഭാവുകത്വം എന്നിവ അഭേദം ചെയ്താൽ രാമന്റെ ഗുണങ്ങൾസാഹിത്യാവിഷ്കാരത്തിന്റെ സാധ്യതകൾക്കുള്ള അനുമതിപത്രങ്ങൾ തന്നെ. രാമന്റെ വനവാസം കഥാപാത്രത്തിന്റെ/കർത്താവിന്റെ/ചരിത്രഭാവുകത്വത്തിന്റെ സാഹിതീയ പ്രകടനവും. ഇത് അച്യുതമേനോന്റെ ചർച്ചയിൽ ഉള്ളടങ്ങുന്നു. ഊന്നലുകളിൽ നേരിയ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽപോലും. എട്ടു പതിറ്റാണ്ടുകൾ മുമ്പുള്ള ഒരു വൈജ്ഞാനിക സംരംഭത്തിൽ ഉത്തരാധുനിക ബോധ്യ ങ്ങൾ ബോധപൂർവ്വമായിത്തന്നെ ഉള്ളടങ്ങിയിരിക്കണം എന്ന സങ്കല്പം സാധ്യമല്ലല്ലോ. എന്നാൽ ഒരു സാഹിത്യകൃതിയുടെ പരിശോധന ചെയ്യുമ്പോൾ അതിന്റെ രൂപത്തോട് സംവേദനീയമായ രീതിശാസ്ത്രം സൂക്ഷിക്കണമെന്ന് അച്യുതമേനോന് അന്നേ ബോധ്യമുണ്ടായിരുന്നു. ഒരു കലാരൂപം അതിന്റെ തന്മയത്വത്തിൽ മനസ്സിലാക്കണമെന്നും. വാല്മീകീരാമായണത്തിന്റെ ചർച്ചാസന്ദർഭത്തിൽ ആനുഷംഗികമായി നല്കുന്ന വാചകങ്ങളാണ് താഴെ:

"ആര്യൻമാർ തെന്നിന്ത്യയെ ആക്രമിച്ചു കീഴടക്കിയെന്നതിന് കട്ടി യുള്ള തെളിവുകളില്ലാതിരിക്കേ, കേവലം ഒരു സാഹിത്യകൃതിയായ വാല്മീകീരാമായണത്തെ മാത്രം അടിസ്ഥാനമാക്കി ആ നിഗമനത്തിലെ ത്തുന്നതേ ശരിയല്ല. അതിനുള്ളിൽ കൂടി വായിച്ച് കൂടുതൽ ചരിത്രവസ്തു തകൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്നത് ഒരു കലാരൂപമെന്ന നിലയിൽ

അതിന്റെ വിലയിടിക്കുകയാണ്, ചരിത്രഗവേഷണങ്ങൾക്ക് തെറ്റായ ഒരു മാതൃകനൽകുകയും"(പേജ് 80).

5. എഴുത്തച്ഛനും കാലവും മലയാളഗവേഷണചരിത്രത്തിൽ

മേൽചർച്ചകളെല്ലാം അച്യുതമേനോൻ കാലഘട്ടത്തിൽ പൊതുവൈജ്ഞാനിക ബോധ്യങ്ങൾക്ക് പുറത്തേക്ക് കടക്കാൻ ശ്രമിച്ചിരുന്നുവെന്നതിനു നിദർശനങ്ങളാണ്. ഇന്നും ഗവേഷണരംഗത്ത് പ്രസക്തവുമാണവ. മലയാള നിരൂപണ സരണിയ്ക്കും അങ്ങനെതന്നെ. കുട്ടിക്കൃഷ്ണമാരാരുടെ രാമായണപഠനവുമായി എഴുത്തച്ഛനും കാലവും ഡോ. എൻ.വി.പി. ഉണ്ണിത്തിരി താരതമ്യം ചെയ്യുന്നുണ്ട്. 'കുട്ടിക്കൃഷ്ണമാരാരുടെ പ്രശസ്ത പഠനമുണ്ട് നമ്മുടെ മുമ്പിൽ. പക്ഷേ, അച്യുതമേനോന്റെ പഠനം നമ്മുടെ ശ്രദ്ധയിൽപ്പെടാത്തതുകൊണ്ടു കൂടിയല്ലേ മാരാരുടെ ആ പഠനത്തിന് അത്രയേറെ അപൂർവ്വത അനുഭവപ്പെട്ടത് എന്ന് ഈ ഗ്രന്ഥത്തിലെ പ്രസക്ത ഭാഗം വായിക്കുന്നവർക്ക് തീർച്ചയായും തോന്നാതിരിക്കുകയില്ല. മാത്രമല്ല, മാരാർ ആ പ്രശസ്ത പഠനമാകെ മാറ്റിയെഴുതി വാല്മീകിരാമായണത്തിന് ആധ്യാത്മിക വ്യാഖ്യാനം നൽകാൻ പാടുപെടുകയുമുണ്ടായി'(അവതാരിക). മാരാരുടെയും മുണ്ടശ്ശേരിയുടെയും (കാളിദാസനും കാലത്തിന്റെ ദാസൻ) പൗരാണിക പഠനങ്ങളിൽ യഥാക്രമം ലിബറൽ നീതിദർശനവും പ്രത്യക്ഷ ചരിത്രവുമാണ് മാർഗദീപങ്ങൾ എന്നാണ് പൊതുവായ വായനയിൽ കാണാനാവുക. അച്യുതമേനോനാകട്ടെ ഇവ സ്വീകരിക്കുന്നതോടൊപ്പം സാഹിത്യത്തിന്റെ രൂപത്തോട് നീതിപുലർത്തുന്നതാകണം രീതിശാസ്ത്രം എന്ന ബോധ്യവും സൂക്ഷിക്കുന്നു. ചില പ്രയോഗമാതൃകകളും സൃഷ്ടിക്കുന്നു.

എഴുത്തച്ഛനും കാലവും നല്കുന്ന വൈജ്ഞാനിക സംഭാവനകളിലേക്ക് ഇവിടെ വിശദമായി കടക്കുന്നില്ല. അത് മറ്റൊരു വിഷയമാണ്. എങ്കിലും, വൈജ്ഞാനിക സംഭാവനകളുടെ കാര്യത്തിൽ പ്രസ്തുത പ്രബന്ധം നടത്തുന്ന ഭാഷാഗമന ചർച്ചയും രാമായണവിശകലനവും സുദീർഘവും പണ്ഡിതോചിതവുമാണ്. ഈ ചർച്ചയുൾപ്പെടുന്ന പ്രബന്ധത്തിന്റെ ആദ്യഭാഗത്തിന്റെ മൂന്നിലൊന്നു ദൈർഘ്യമേ അവസാന മൂന്നദ്ധ്യായങ്ങൾക്കുള്ളൂ. അവയിൽത്തന്നെ ഏറെ പഠനങ്ങൾ പില്ക്കാലത്തുണ്ടായതുമൂലം പുതുമ നഷ്ടപ്പെട്ടുപോയ ഭാഗങ്ങൾ; എഴുത്തച്ഛനെ ദൈവമാക്കുന്നില്ലെങ്കിൽപ്പോലും പ്രബന്ധത്തിന്റെ ആദ്യഭാഗത്തോടു യോജിക്കാത്ത വിധമുള്ള വാചാടോപങ്ങളും സ്തുതിവചനങ്ങളും എന്നിവ ഇവിടെ കടന്നുവന്നിരിക്കുന്നു. ഒരുപക്ഷേ വിഷയത്തിന്റെ സവിശേഷ

പരിശോധനാപരിധിയ്ക്കു പുറത്തുള്ളവയാകാം ഈ അദ്ധ്യായങ്ങൾ. ഇതിനർത്ഥം, പ്രബന്ധത്തിന്റെ ഏതെങ്കിലും ഭാഗം ഇന്ദുലേഖയിലെ പതിനെട്ടാമദ്ധ്യായം പോലെ 'ഉന്മൂലനം ചെയ്യേണ്ട ശിലാഖണ്ഡമാണ്' എന്നല്ല. ഓരോ കാലഘട്ടവും അതിനുവേണ്ടതായ കാര്യങ്ങൾ ചരിത്രത്തിൽനിന്ന് കണ്ടെത്തുന്നു. അപ്പോൾ ചിലത് പ്രിയങ്കരവും ചിലത് അപ്രിയവുമാവുക സ്വാഭാവികം. ഒരുകാര്യം ഇവിടെ കാണേണ്ടതുണ്ട്. എന്തുകൊണ്ട് എഴുത്തച്ഛനും കാലവും എഴുത്തച്ഛൻപഠനങ്ങളുടെ കൂട്ടത്തിൽ മലയാളത്തിൽ ചർച്ചചെയ്യപ്പെട്ടിട്ടില്ല? അവതാരികാകാരനായ ഡോ. എൻ.വി.പി. ഉണ്ണിത്തിരിയും ഈ ചോദ്യം പങ്കുവെയ്ക്കുന്നുണ്ട് എന്ന് മേൽചർച്ചയിൽ കണ്ടു. ഭാഷാപരത്വത്തെ പ്രതിസ്ഥാനത്തുനിർത്തി സമാധാനിക്കാമോ? സാഹിത്യപഠനത്തിന്റെ ആധുനിക യുക്തികൾക്കെതിരായാണ് പ്രബന്ധം നിലനില്ക്കുന്നത് എന്നതാണിവിടെ പ്രധാനമായി കാണേണ്ടത്. സമകാലികഘട്ടത്തിൽ അതു തർജ്ജമ ചെയ്യപ്പെട്ട് (2000) ചർച്ചാസാധ്യതനേടുന്നതും ഇതേ സവിശേഷതകൾ കൊണ്ടുതന്നെ.

കുറിപ്പുകൾ

1. വി.എസ്. ശർമ്മയാണ് പ്രബന്ധകാരൻ. കേരളസർവ്വകലാശാലയിൽനിന്നും 1974-ൽ ഡോ. പി.കെ. നാരായണപിള്ളയുടെ മാർഗ്ഗദർശിത്വത്തിൽ ബിരുദാർഹമായി. ഇത് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. നോക്കുക: ശർമ്മ വി.എസ്. (2011).
2. നാരായണപിള്ള പി.കെ. (1980: 176-177): 'പൊന്നാനിത്താലൂക്കിൽ തൃക്കണ്ടിയൂർ അംശത്തിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിന് അല്പം പടിഞ്ഞാറുമാറിയുള്ള തുഞ്ചൻപറമ്പാണ് എഴുത്തച്ഛന്റെ ജന്മസ്ഥലം എന്നു പരക്കേ വിശ്വസിക്കപ്പെടുന്നു. അതു പൊന്നാനിപ്പുഴവക്കിലും തിരൂർ തീവണ്ടിസ്റ്റേഷനിൽനിന്ന് ഒരുനാഴിക തെക്കുപടിഞ്ഞാറുമാണ്. ഇപ്പോൾ അവിടെ ഒരു ഗുരുമഠമുള്ളതായി പറയുന്നു. അത് ആധുനികന്മാരുടെ ദേശാഭിമാനസന്താനമാണ്. മുമ്പ് അവിടെ ഒരു പുരത്തറ മാത്രമേ ഉണ്ടായിരുന്നുള്ളുവത്രെ. പ്രാക്തനമായുണ്ടായിരുന്ന ഗൃഹത്തിന്റെ അനുസാരികളായിരുന്ന കുളവും കിണറും ജീർണ്ണോദ്ധാരണശ്രമങ്ങളോട് പരിഭവിച്ചു പരിശോഭിക്കുന്നുണ്ട്. അതുകൂടാതെ എഴുത്തച്ഛന്റെ ജഡത്തിന് നിശബ്ദസാക്ഷി എന്നു വിശ്വസിച്ചുപോരുന്നതും തന്നിമിത്തം അധുനാതന ഭക്തന്മാരുടെ ആക്രമണം കൊണ്ട് ഇലകൾ മിക്കവാറും ശൂന്യമായിത്തീർന്നിരിക്കുന്നതും ജർജ്ജരവുമായ ഒരു കാഞ്ഞിരമരവും പൂർവ്വപുണ്യചിഹ്നമായിട്ടവശേഷിക്കുന്നുണ്ടത്രെ. മുന്നൂറുനാനൂറു സംവത്സരക്കാലം ഒരു കാഞ്ഞിരം നിലനിൽക്കുമോ എന്നു ഭക്തിപാരതന്ത്ര്യരന്ധ്രത്തിൽക്കൂടി ഉന്തിവരുന്ന ശങ്കയെ ഞാൻ നിയന്ത്രണം ചെയ്തുകൊള്ളുന്നു'.
3. 'രാമനെയും കൃഷ്ണനെയും രാഷ്ട്രീയായുധമാക്കിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ഇന്ത്യൻ അവസ്ഥയിൽ വാല്മീകിയുടെയും വ്യാസന്റെയും

ഇതിഹാസകാവ്യങ്ങളെ പ്രാഥമികമായും സാഹിത്യകൃതികളായി കണ്ടുകൊണ്ടുള്ള ആറുപതിറ്റാണ്ടുകൾക്ക് മുമ്പത്തെ ഈ പ്രൗഢവിശകലനങ്ങൾ പതിന്മടങ്ങ് മൂല്യമുള്ളതായി വായനക്കാർക്ക് അനുഭവപ്പെടും'.

4. George K.M. (1956):
   (1) 'Pacca Malayalam means pure Malayalam ie Malayalam which is not adulterated with other languages. Here the terminology used by C.A. Menon in his 'Ezhuthachan and his Age' has been adopted',p. 8.
   (2) C.A. Menon writing about Darukavadham,says that it is a drama of dance and song. In his opinion,it can be assigned to the period of Ramacharitam, which according to him is the 10th century (C.A. Menon,Ezhuthachan and his Age,p. 14).
   (3) These songs are really very old and they are written in genuine Malayalam (p.14).
5. See Achyutamenon Chelanat (1935).
6. കാണുക : അച്യുതമേനോൻ, ചേലനാട്ട് (2015).
7. 1933-1980 ഘട്ടത്തിൽ 77 പ്രബന്ധങ്ങളാണ് ബിരുദാർഹമായത്. മദിരാശി-13, കേരള-47, അണ്ണാമലൈ - 4, ലണ്ടൻ-3, പൂന-6, കോഴിക്കോട് - 1, ഡൽഹി - 3 എന്നിങ്ങനെയാണത്. ഇവയിൽ 60 പ്രബന്ധങ്ങളും ഭാഷാശാസ്ത്രം, വ്യാകരണം, വൃത്തം, താളഘടന എന്നിങ്ങനെ ഭാഷാനിഷ്ഠമോ സാങ്കേതികമോ ആയ മേഖലകളെ ആസ്പദമാക്കിയാണ് പഠനപദ്ധതി സ്വീകരിച്ചത്.

## ഗ്രന്ഥസൂചി

1. അച്യുതമേനോൻ, ചേലനാട്ട്, 2014 (2000), എഴുത്തച്ഛനും കാലവും (വിവ: ലീലാവതി എം.), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. 2015, കേരളത്തിലെ കാളീസേവ, എസ്.പി.സി.എസ്, കോട്ടയം.
3. ജോസഫ് മുണ്ടശ്ശേരി, 1981, 'കാളിദാസനും കാലത്തിന്റെ ദാസൻ', മുണ്ടശ്ശേരികൃതികൾ, വോള്യം 1, കറന്റ് ബുക്സ്, തൃശ്ശൂർ.
4. നാരായണപിള്ള, പി.കെ., 1980, പഞ്ചാനനന്റെ വിമർശനത്രയം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
5. ശർമ്മ, വി.എസ്., 2011, കുഞ്ചൻനമ്പ്യാർ ജീവിതവും കൃതികളും, എസ്.പി.സി.എസ്, കോട്ടയം.
6. Achyuta Menon,Chelanat,1935,Ballads of North Malabar,Madras: Madras University.
7. George, K.M., 1956, Ramacharitam and the Study of early Malayalam, Kottayam: N.B.S.